I ഇ.ബി. XIII-കേരള നിയമസഭ/XIV-15

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 22, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധക്ഷണിക്കൽ**

**(1) പൊതുമേഖലയിൽ ഔഷധ നിർമ്മാണ കമ്പനികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. വി. ഡി. സതീശൻ: ഔഷധങ്ങളുടെ ഉയർന്ന വിലയും ചികിത്സാ ചെലവും നിയന്ത്രിക്കുന്നതിനും ഗുണമേന്മയുള്ള ഔഷധങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഗവൺമെന്റിന് ഉത്തരവാദിത്തമുണ്ട്. ഏതെങ്കിലും ഒരു രോഗം വർദ്ധിച്ചാൽ മരുന്ന് കമ്പനികൾ ആ രോഗത്തിന്റെ മരുന്നിന് വില വർദ്ധിപ്പിക്കും. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വില നിയന്ത്രിക്കാൻ

സാധിക്കുന്നില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ കീഴിൽ മരുന്ന് വില നിർണ്ണയിച്ചിട്ടുണ്ടെങ്കിൽപോലും അഡീഷണൽ മോളിക്യൂൾ ചേർത്ത് മരുന്നിന്റെ ഘടന മാറ്റി വില വർദ്ധിപ്പിക്കുകയാണ് മരുന്ന് കമ്പനികൾ ചെയ്യുന്നത്. ബഹുരാഷ്ട്ര മരുന്ന് കമ്പനികൾ ഔഷധ കുത്തക നിലനിർത്താൻ പേറ്റന്റ് നിയമം ഉപയോഗിക്കുകയാണ്. പൊതുമേഖലയിൽ പുതിയ ഔഷധ കമ്പനികൾ ആരംഭിക്കുന്നതിനും പേറ്റന്റുള്ള മരുന്നുകൾ ഉണ്ടാക്കി പബ്ലിക് ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വിതരണം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണം. അതോടൊപ്പംതന്നെ ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ കൂടി ഉണ്ടാക്കാൻ കഴിയണം. പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് മരുന്ന് കമ്പനികൾ പൊതുമേഖലയിൽ തുടങ്ങിക്കൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് വലിയ മുതൽമുടക്ക് കൂടാതെ പൊതുമേഖലയിൽ മരുന്ന് നിർമ്മിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിലുള്ള ഒരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്. അവരുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ പൊതുമേഖലയിൽ കൂടുതൽ മരുന്ന് ഉണ്ടാക്കാൻ പറ്റുമോ എന്നത് ആലോചിക്കാം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. കെ.എസ്.ഡി.പി. മുപ്പത്തൊന്ന് ഇനം മരുന്നുകൾ നൽകാമെന്നു പറഞ്ഞതിൽ 29 ഇനം മരുന്നുകൾ ലഭിക്കുന്നുണ്ട്. വളരെയധികം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആധുനിക മരുന്നുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ലഭ്യമായാൽ ആലോചിക്കാവുന്നതാണ്.

## (2) ജയിലുകളിലെ തടവുകാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ ജയിലുകളുടെ പ്രവർത്തനങ്ങളേയും തടവുകാരുടെ വേതന പരിഷ്ക്കരണത്തേയും സംബന്ധിച്ച് നിലവിലുള്ള പഠനറിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. ജയിലുകളിൽ അനുവദനീയമായതിലും കൂടുതൽ തടവുകാരെ പാർപ്പിക്കുക മാത്രമല്ല, പുതിയ ബ്ലോക്കുകൾ പണിയുന്നതിനോ നിലവിലുള്ളവ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ തയ്യാറാകുന്നില്ല. ജയിൽ ആസ്ഥാനത്ത് എഞ്ചിനീയറിംഗ്/

ആർക്കിടെക്ട് വിഭാഗം ആരംഭിക്കുന്നതിനും ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനും തടവുകാരുടെ മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തടവിൽ കഴിയുന്ന സാംക്രമിക-മാനസിക രോഗികൾക്ക് പ്രത്യേക താമസസൗകര്യവും ചികിത്സയും നൽകുന്നതോടൊപ്പം രോഗമുക്തരാകുന്നവർക്കും ശിക്ഷ പൂർത്തിയാക്കുന്നവർക്കും പുനരധിവാസം ഏർപ്പെടുത്തുന്നതിനും വിചാരണയ്ക്കായി കൊണ്ടുപോകുന്ന തടവുകാർക്ക് ഭക്ഷണത്തിനായി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തടവുകാരുടെ വർദ്ധനവിനനുസരിച്ച് ജയിൽ വാർഡന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തടവുകാരും ജീവനക്കാരും തമ്മിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. ജയിലുകളിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഉൽപ്പാദക യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് തടവുകാർക്ക് പരിശീലനം നൽകുകയും ജയിലുകളിൽ മയക്കുമരുന്ന് എത്തിക്കുന്നത് തടയുന്നതിന് സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം. ജയിൽ രേഖകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനും തടവുകാർക്ക് വോട്ടവകാശം നൽകുന്നതിനും ഗവൺമെന്റ് ആലോചിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിലെ ജയിലുകളിൽ ഇപ്പോൾ അംഗീകൃത പാർപ്പിടശേഷിയേക്കാൾ കൂടുതൽ

തടവുകാരെ പാർപ്പിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. പത്ത് വർഷത്തിൽ കൂടുതൽ തടവുശിക്ഷ അനുഭവിച്ചവരെ വിട്ടയയ്ക്കാൻ ഗവൺമെന്റ് തയ്യാറാണ്. വിയ്യൂർ ജയിൽ, തവനൂർ സെൻട്രൽ ജയിൽ, മുട്ടം-പാലക്കാട് ജില്ലാ ജയിലുകൾ, സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നതോടുകൂടി സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയതോടുകൂടി തടവുകാർക്ക് ഭക്ഷണം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, കോഴിക്കോട്-കൊല്ലം ജില്ലാ ജയിലുകൾ എന്നിവിടങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ തസ്തിക നിലവിലുണ്ട്. മറ്റ് ജയിലുകളിൽ അതാത് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽ പരിശോധന നടത്തുകയും ഗുരുതരമായ രോഗം പിടിപെട്ട തടവുകാരെ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം താലൂക്ക്-ജില്ലാ ആശുപത്രികളിലേയ്ക്കോ ആവശ്യമെങ്കിൽ മെഡിക്കൽ കോളേജ്, ക്യാൻസർ സെന്റർ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്കോ ചികിത്സയ്ക്കായി കൊണ്ടുപോകുന്നുണ്ട്. കൂടാതെ എല്ലാ തടവുകാരെയും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ക്യാമറകൾ സ്ഥാപിച്ച് റിമാന്റ് പ്രതികൾ ഉൾപ്പെടെയുള്ളവർക്ക്

കോടതിയുമായി നേരിട്ട് ബന്ധം പുലർത്തി വിചാരണ നടത്താനുള്ള നടപടി തിരുവനന്തപുരം-വിയ്യൂർ ജയിലുകളിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തടവുകാർക്ക് നൽകുന്ന കൂലി പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുകയും തടവുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യവും വരുമാനവും ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ തൊഴിൽ പരിശീലന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തടവുകാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ജയിലുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകാതിരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ജയിലുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ മൂന്നുമാസത്തിനുള്ളിൽ നികത്തുന്നതുമാണ്. തിരുവനന്തപുരം-കണ്ണൂർ ജയിലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണസാധനങ്ങൾ മാർക്കറ്റിൽ വിലകുറച്ച് വിൽക്കുകയും ആ ഇനത്തിൽ ലഭിക്കുന്ന വരുമാനം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നുണ്ട്. തടവുകാർക്ക് വോട്ടവകാശം നൽകുക, തടവുകാരുടെ ചികിത്സാർത്ഥം ജയിൽ സൂപ്രണ്ടിന് തുക വിത്ഡ്രോ ചെയ്യാനുള്ള അനുമതി നൽകുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) ഫ്ലാറ്റ് നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): കേരളത്തിലെ ഫ്ലാറ്റ്

നിർമ്മാതാക്കൾ ഉപഭോക്താക്കളെ വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കേരളത്തിലെ ചില ഫ്ലാറ്റ് നിർമ്മാതാക്കൾ ഉപഭോക്താക്കളിൽനിന്നും യാതൊരുതരത്തിലുള്ള മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാതെ പണം പിരിക്കുകയും കരാർ പ്രകാരമുള്ള സൗകര്യങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ സാധാരണക്കാർ കബളിപ്പിക്കപ്പെടാതിരിക്കാൻ വിൽപ്പനയ്ക്കായി നിർമ്മിക്കുന്ന ഗാർഹിക-വാണിജ്യ-ഓഫീസ്-ബിസിനസ്സ്-ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണവും വിൽപ്പനയും പരിപാലനവും കൈമാറ്റവും സംബന്ധിച്ചുള്ള കാര്യങ്ങൾ നിയമവിധേയമാക്കാനും വികസനോന്മുഖമാക്കാനുംവേണ്ടി റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ എന്നീ രണ്ട് സ്ഥാപനങ്ങൾ രൂപീകരിക്കുവാനും മറ്റ് അനുബന്ധ കാര്യങ്ങൾ നടപ്പാക്കുവാനുമായി കേരള റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റ് ഓർഡിനൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. റെസിഡൻഷ്യൽ ഫ്ലാറ്റുകളോടൊപ്പം വാണിജ്യ കെട്ടിടങ്ങളും നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് നിയമത്തിലുള്ള വ്യവസ്ഥകൾ പലതും പ്രായോഗികവും അനുകരിക്കാവുന്നതുമാണ്. റിയൽ എസ്റ്റേറ്റ് അതോറിറ്റി രൂപീകരിച്ച് പ്രവർത്തനസജ്ജമാകുന്നതോടുകൂടി എല്ലാ പ്രശ്നങ്ങൾക്കും

പരിഹാരമുണ്ടാകും.

## (2) പട്ടയം ലഭ്യമാക്കൽ

ശ്രീ. ഇ. പി. ജയരാജൻ: മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കോട് പ്രദേശത്ത് വർഷങ്ങളായി അധിവസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കണ്ണൂർ ജില്ലയിലെ ആര്യങ്കോട് പ്രദേശത്തുള്ള 52.34500 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ ഉത്തരവായെങ്കിലും നാട്ടുകാരുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പ് കാരണം പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ സാധിച്ചില്ല. റീ-സർവ്വേ പ്രകാരം 45.84 ഏക്കർ പുറമ്പോക്ക് സ്ഥലം കേരള സർക്കാരിന്റേതാണ്. കയ്യേറ്റക്കാർക്ക് പട്ടയം നൽകിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുവെന്ന് ഇരിട്ടി തഹസീൽദാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിച്ചഭൂമി കൈവശക്കാർക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (3) ആനവേട്ട

ശ്രീ. വി. എസ്. സുനിൽ കുമാർ: കേരളത്തിലെ വനപ്രദേശങ്ങളിൽ നടക്കുന്ന

ആനവേട്ട അവസാനിപ്പിക്കുന്നതിനും ആനക്കൊമ്പ് വിദേശങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നത് തടയുന്നതിനും പ്രോജക്ട് എലിഫന്റ് സ്കീമിന് കേന്ദ്രം അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നതിനും ഐക്കര വാസുവിന്റെ ദുരൂഹ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രോജക്ട് എലിഫന്റ് സ്കീമിന് 2014-15 വർഷത്തേയ്ക്ക് അനുവദിച്ച തുക ചെലവഴിച്ചിട്ടുണ്ട്. ഐക്കര വാസുവിന്റെ ദുരൂഹമരണത്തെ സംബന്ധിച്ച വിശദാംശങ്ങൾ മനസ്സിലാക്കുന്നതിനായി നാലംഗ സംഘത്തെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മഹാരാഷ്ട്രയിലേയ്ക്ക് അയച്ചിട്ടുണ്ട്. ആനവേട്ട സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വനം വകുപ്പിലെ ഉന്നതോദ്യോഗസ്ഥനെ നിയോഗിക്കുകയും വനമേഖലകളിൽ വ്യാപകമായ പരിശോധനകൾ നടത്തി തെളിവുകൾ ശേഖരിക്കുകയും ജോലിയിൽ വീഴ്ച വരുത്തിയ നാല് വനം വകുപ്പുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആനക്കൊമ്പ് കച്ചവടം ചെയ്ത കേസിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇരുപതോളം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തുടരന്വേഷണത്തിന് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ സഹായം തേടുന്നതാണ്. അന്വേഷണസംഘത്തിലുള്ളവർ അഴിമതിക്കാരാണെന്ന ആരോപണം വാസ്തവവിരുദ്ധമാണ്.

## (4) ആസ്തിവികസന ഫണ്ടിന്റെ വിനിയോഗം

ശ്രീ. മാത്യു റ്റി. തോമസ്: കെ.എസ്.ആർ.ടി.സി.ക്ക് ബസ്സുകൾ വാങ്ങുന്നതിന് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കിവച്ച തുക വിനിയോഗിക്കുന്നതിന് അനുമതി നൽകാത്ത പക്ഷം പ്രസ്തുത തുക മണ്ഡലങ്ങളിൽ ചെലവഴിക്കുന്നതിന് അനുവാദം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സാമ്പത്തിക പരിമിതികളും ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്ന താല്പര്യവും കണക്കിലെടുത്ത് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് ബസ്സുകൾ വാങ്ങുന്നതിനായി ആസ്തി വികസന ഫണ്ട് അനുവദിക്കേണ്ടതില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. ഈ തുക മറ്റു കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതു സംബന്ധിച്ച ആവശ്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## (5) തടയണ നിർമ്മാണം

ശ്രീ. എം. ഹംസ: ചേലക്കര, ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ നീക്കി പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒറ്റപ്പാലം മുനിസിപ്പിലാറ്റിയുടെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള സ്രോതസ്സെന്ന നിലയിൽ തടയണ നിർമ്മാണം

വേഗത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുന്ന ഫയലിന് അടിയന്തര അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (6) ഒഴിഞ്ഞുകിടക്കുന്ന പ്രധാന തസ്തികകൾ

ശ്രീ. പി. ഉബൈദുള്ള: ജില്ലാ കളക്ടറുടേതുൾപ്പെടെ മലപ്പുറം ജില്ലാ ഭരണസിരാ കേന്ദ്രത്തിലെ പ്രധാന തസ്തികൾ ഒഴിഞ്ഞുകിടക്കുന്നതുമൂലമുണ്ടായിട്ടുള്ള ഭരണസ്തംഭനം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലപ്പുറം ജില്ലാ കളക്ടറായ ശ്രീ. ബിജുവിന് കേന്ദ്രസർക്കാരിന്റെ പരിശീലന പരിപാടിയുടെ ഭാഗമായുള്ള വിദേശ പര്യടനത്തിൽ പങ്കെടുക്കേണ്ടിവന്നതിനാലാണ് അവിടെ ഒഴിവുണ്ടായത്. 16-07-15-ന് ശ്രീ. ടി. ഭാസ്കരനെ കളക്ടറായും ശ്രീ. കെ. രാധാകൃഷ്ണനെ എ.ഡി.എം. ആയും നിയമിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ നികത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതാണ്.

## (7) റിപ്പോർട്ടുകൾ സി.ഡി. രൂപത്തിൽ ലഭ്യമാക്കൽ

ശ്രീ. ഷാഫി പറമ്പിൽ: പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സി.ഡി. രൂപത്തിൽ ലഭ്യമാക്കുന്നതിനും പരിസ്ഥിതി സൗഹൃദ കടലാസ് രഹിത

നിയമസഭ പ്രാവർത്തികമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കടലാസ് രഹിത ഡിജിറ്റൽ നിയമസഭയുടെ സാദ്ധ്യതകളെപ്പറ്റി പരിശോധിച്ചശേഷം പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

മി. സ്പീക്കർ: കാലഘട്ടത്തിനനുസരിച്ച മാറ്റം നിയമസഭയും സ്വീകരിക്കേണ്ടതുണ്ട്. 20-07-15-ന് ചോദ്യോത്തരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള LAIS-ന്റെ ഉദ്ഘാടനം നടത്തുകയുണ്ടായി. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുമായി ആലോചിച്ചശേഷം കേരള നിയമസഭയെ കടലാസ് രഹിത നിയമസഭയാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) ഖാദി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഖാദി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാനും ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സർക്കാർ വിഹിതം യഥാസമയം ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നടപ്പു സാമ്പത്തിക വർഷം ഖാദിഗ്രാമ വ്യവസായ ബോർഡിന് ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റിനത്തിൽ 7.13 കോടി രൂപ ബഡ്ജറ്റ് വിഹിതമായി

വകയിരുത്തുകയും വിഭവ ലഭ്യതയുടെ അഭാവത്തിൽ 5 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ചെലവു കണക്കുകളും ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിത്തുക അനുവദിച്ച നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നടപ്പുവർഷം ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സർക്കാർ വിഹിതം 20 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത തുകയുടെയും 2014-15 വർഷം അനുവദിച്ച 20 ലക്ഷം രൂപയുടെയും വിനിയോഗ സർട്ടിഫിക്കറ്റും ഏറ്റവും പുതിയ ആഡിറ്റ് അക്കൗണ്ട്സും വരവുചെലവ് കണക്കുകളും ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (9) <u>കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം</u>

<u>ശ്രീ. ഇ. കെ. വിജയൻ:</u> നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനും കർഷകർ ശേഖരിച്ച വിത്തുതേങ്ങയുടെ പണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u> കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിലെ കാവിലുംപാറ, കായക്കൊടി, മരുതോങ്കര, വാണിമേൽ തുടങ്ങിയ വിവിധ പ്രദേശങ്ങളിൽ 2015 ഇടവപ്പാതിയിലുണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും 92

ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. നഷ്ടപരിഹാരത്തിനായി കർഷകരിൽനിന്നും അപേക്ഷ സ്വീകരിച്ച് ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻതന്നെ തുക നൽകുന്നതാണ്. ഈ വർഷത്തെ വിത്തുതേങ്ങ സംഭരണം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് വഴി നടപ്പിലാക്കുന്നതിന് മൂന്ന് ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്നതു സംബന്ധിച്ച് 23-07-15 -ന് ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുന്നതാണ്. ഇത് പാസ്സാകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

## (10) സ്പെഷ്യൽ നിയമനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വിദ്യാസമ്പന്നരായ ആദിവാസി യുവതീ യുവാക്കൾക്ക് കേരള പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് സ്പെഷ്യൽ നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളുടെ പലഭാഗത്തും കേരള-കർണ്ണാടക-തമിഴ്നാട് സംസ്ഥാന അതിർത്തി പ്രദേശങ്ങളിലെ പശ്ചിമഘട്ട വനമേഖലയിലും ആദിവാസി ഊരുകളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ ആദിവാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവർക്കിടയിലെ വികസന പ്രവർത്തനം

ശക്തിപ്പെടുത്തുന്നതിനും ആദിവാസികളായ യുവജനങ്ങളെ പോലീസ്, എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പി.എസ്.സി. യുമായി ചേർന്ന് അതിന്റെ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി ഒഴിവുകൾ കണ്ടുപിടിക്കുന്നതിനും ശാരീരിക അളവുകൾ, പ്രായം എന്നിവയിൽ ഇളവ് അനുവദിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്കും നികുതി വകുപ്പ് സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് 200 പോലീസ് കോൺസ്റ്റബിൾമാരെ ഡയറക്ടായി നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഒക്ടോബർ 2-ാം തീയതിക്കുമുമ്പ് ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

## (11) ഫയർസ്റ്റേഷൻ അനുവദിക്കൽ

ശ്രീ. കെ.വി. വിജയദാസ്: കോങ്ങാട് മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

സംസ്ഥാനത്ത് വിവിധ നിയോജകമണ്ഡലങ്ങളിൽ ഫയർ ആന്റ് സേഫ്റ്റി സർവ്വീസസിന്റെ അനിവാര്യതയുണ്ടെങ്കിലും ഇതിന് ബഡ്ജറ്റ് അലോക്കേഷൻ വളരെ കുറവാണ്. കോങ്ങാട് വില്ലേജിൽ മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 40 സെന്റ് സ്ഥലം ഫയർ ആന്റ് സേഫ്റ്റി സർവ്വീസസിന് കൈമാറാനുള്ള നടപടികൾ റവന്യൂ വകുപ്പിൽ അന്തിമ ഘട്ടത്തിലാണ്. നിലവിൽ സ്വന്തമായ കെട്ടിടവും സ്ഥലവും ലഭ്യമായ സ്ഥലങ്ങളിലാണ് ഫയർ സ്റ്റേഷൻ അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ സ്വന്തമായ കെട്ടിടവും സ്ഥലവും വന്നുകഴിഞ്ഞാൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (12) ഓപ്പറേഷൻ അനന്തയുടെ അപാകതകൾ

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഓപ്പറേഷൻ അനന്തയുടെ അശാസ്ത്രീയതയും ഏകോപനമില്ലായ്മയും ആസൂത്രണത്തിലെ അപാകതയും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തിരുവനന്തപുരം നഗരത്തിൽ നിരന്തരമായുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി 'ഓപ്പറേഷൻ അനന്ത' എന്നൊരു കർമ്മപദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കനാലുകളുടെ നീരൊഴുക്ക് തടസ്സപ്പെടുത്തിക്കൊണ്ടുള്ള

കയ്യേറ്റങ്ങളും നിർമ്മാണപ്രവർത്തനങ്ങളും ഒഴിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. ഒഴിപ്പിക്കൽ നടപടി തുടർന്നുവരികയാണ്. ഇതിനെതിരെ ചില വ്യക്തികൾ കോടതിയെ സമീപിച്ചതിനാൽ ഒഴിപ്പിക്കൽ നടപടികൾക്ക് കാലതാമസമുണ്ടാകുന്നുണ്ട്. അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് കോർപ്പറേഷൻ നമ്പർ നൽകിയതിനെപ്പറ്റി അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ട്. റോഡ് ഫണ്ട് ബോർഡാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളൊഴിവാക്കാൻ കളക്ടർ ഇടയ്ക്കിടെ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും തുടർനടപടികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പൊളിച്ച ഓടകളിലെ മാലിന്യങ്ങളും അവശിഷ്ടങ്ങളും അപ്പപ്പോൾത്തന്നെ നീക്കം ചെയ്യുകയും റോഡ് പണികൾ നടക്കുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കായി സൂചനാബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. മൺസൂൺകാലമായതിനാൽ ഇടയ്ക്കിടെ മഴപെയ്യുന്നതുമൂലം കോൺക്രീറ്റ് പണികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെങ്കിലും വെള്ളം മാറുന്ന മുറയ്ക്ക് പ്രവൃത്തികൾ നടത്തുകയാണ്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായി ഇരുപതോളം പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഓണത്തിനുമുമ്പുതന്നെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് പ്രശ്നം സംബന്ധിച്ച് മുഖ്യമന്ത്രിയുടെയും നഗരകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് പത്തു കോടി രൂപ അനുവദിക്കുകയും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതാണ്.

## (13) പ്രാർത്ഥനാഗാനം

ശ്രീ. വർക്കല കഹാർ: സംസ്ഥാനത്തെ സ്കൂളുകളിൽ പ്രാർത്ഥനാഗാനമായി 'ദൈവദശകം' അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ഗുരുദേവന്റെ ചിത്രത്തോടുകൂടിയുള്ള 'ദൈവദശകം' സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശതാബ്ദിയുമായി ബന്ധപ്പെട്ട് ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം നിരവധി

പഠന പ്രചാരണ സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്കൂൾ പാഠ്യപദ്ധതിയിൽ ഗുരുദേവ ദർശനങ്ങൾ ഉൾപ്പെടുത്തിയതുകൂടാതെ ഹയർ സെക്കണ്ടറിതലത്തിലും ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. ദൈവദശകത്തിന്റെ ദാർശനികമൂല്യം വിലയിരുത്തി ക്കൊണ്ടുള്ള സമഗ്രമായ പുസ്തകം പി.ആർ.ഡി. പ്രസിദ്ധീകരിക്കുന്നുണ്ട്. ദൈവദശകം പ്രാർത്ഥനാഗീതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

## (14) ബാലനീതി നിയമം

ശ്രീ. പി.റ്റി.എ. റഹീം : 18 വയസ്സിന് താഴെയുള്ള കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാനും അടച്ചുപൂട്ടിയ മണ്ണാർക്കാട് ദാരുൾ ഫുർഖാൻ സ്ഥാപനത്തിന് അംഗീകാരം നൽകാനും നടപടി സ്വീകരിക്കണം .

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഓർഫനേജുകളെയും അവിടെ താമസിക്കുന്ന കുട്ടികളെയും സംബന്ധിച്ച കാര്യമാണ് ഹൈക്കോടതി വിധിയിലുള്ളത്. മതസ്ഥാപനങ്ങളുടെ വിഷയം പരിഗണിക്കുകയോ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. കെയർ ആന്റ് പ്രൊട്ടക്ഷനുവേണ്ടി 18 വയസ്സിനു താഴെയുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളും

ഓർഫനേജുകളും ജുവനൈൽ ജസ്റ്റിസ് ആക്റ്റിൽ രജിസ്റ്റർ ചെയ്യണമെന്ന ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ സെക്ഷൻ 34(3)-ലെ വ്യവസ്ഥ നടപ്പിലാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഓർഫനേജ് ആക്റ്റിലെ കെയർ ആന്റ് പ്രൊട്ടക്ഷൻ വെൽഫെയറും ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ child in need of care and protection-ഉം ഒന്നാണെന്ന നിലയിലാണ് കോടതിവിധി വന്നിരിക്കുന്നത്. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ മണ്ണാർക്കാട് ദാരുൾ ഫുർഖാൻ എന്ന സ്ഥാപനത്തിന്റെ അംഗീകാരത്തിനുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിൽ സമർപ്പിച്ച അപേക്ഷ ജില്ലയുടെ ചാർജ്ജുള്ള ബോർഡംഗത്തിന്റെ പരിഗണനയിലാണ്. 2005-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം സംബന്ധിച്ച ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അപ്പീൽ നൽകേണ്ടതുണ്ടോയെന്ന് നിയമവകുപ്പുമായും അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## (15) കാലോചിതമായി ശമ്പളം വർദ്ധിപ്പിക്കൽ

ശ്രീ. സി. പി. മുഹമ്മദ്: നിലവിലുള്ള ജോലിക്കുപുറമെ അനുബന്ധ ജോലികൾകൂടി ചെയ്യുന്ന അംഗൻവാടി ടീച്ചർമാരുടെയും ആയമാരുടെയും ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ഓണറേറിയത്തിന്റെ 90% കേന്ദ്ര സർക്കാരും 10% സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാന വിഹിതമായ 10 ശതമാനത്തിനുപുറമേ സംസ്ഥാന സർക്കാർ ഓണറേറിയം നൽകിവരികയും കാലാകാലങ്ങളിൽ അവ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അംഗൻവാടി വർക്കർമാർക്ക് കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 5000 രൂപയും ഹെൽപ്പർമാർക്ക് 3500 രൂപയും പ്രതിമാസം നൽകുന്നുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 600 രൂപയുടെ വർദ്ധനവ് ഈ വർഷംതന്നെ നൽകുന്നതിനും പഞ്ചായത്തുകൾ നൽകുന്ന ഇൻസെന്റീവ് 1000 രൂപയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇതോടെ വർക്കർമാരുടെ ഓണറേറിയം 6500 രൂപയായി മാറുകയും ഹെൽപ്പർമാർക്ക് ആനുപാതിക വർദ്ധനവുണ്ടാകുന്നതുമാണ്. എ.സി.എസ്.-ന്റെയും ഡയറക്ടറുടെയും റിപ്പോർട്ട് ലഭിച്ചശേഷം ഡിസ്എബിലിറ്റി സർവ്വേയ്ക്ക് നൽകുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പല കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. ഇതിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അംഗൻവാടികൾ, മാനസിക വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിസോഴ്സ് ടീച്ചർമാർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ എന്നിവയിൽ കുറവ് വരുത്താൻ പാടില്ലെന്ന സമീപനം തുടർന്നും സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (16) യുനാനി ഡിസ്പെൻസറികൾ ആരംഭിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ : ആയുഷ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് യുനാനി ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പുരാതന ചികിത്സാ സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന നയത്തിന്റെ ഭാഗമായി ആയുഷ് വകുപ്പ് രൂപീകരിക്കാൻ തീരുമാനിക്കുകയും ഔപചാരികമായ ഉദ്ഘാടനം ആഗസ്റ്റ് 5-ാം തീയതി മുഖ്യമന്ത്രി നിർവ്വഹിക്കുകയുമാണ്. നിലവിൽ ഒരു യുനാനി ഡിസ്പെൻസറിയും എൻ.എച്ച്.എം.

ഫണ്ട് ഉപയോഗിച്ച് പതിനെട്ട് താൽക്കാലിക ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നുണ്ട്. യുനാനി ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആയുർവേദ- ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയും പുതുതായി നിലവിൽവന്ന പഞ്ചായത്തുകളിലൊഴികെ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയുഷ് വകുപ്പ് നിലവിൽ വരുന്ന സാഹചര്യത്തിൽ യുനാനി ഡിസ്പെൻസറികൾ കൂടുതലായി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതും ആയത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

### (1) 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാപ്പെക്സിന്റെ കീഴിലുള്ള പത്ത് കശുവണ്ടി ഫാക്ടറികൾ ഉടമസ്ഥർക്ക് വിട്ടുകൊടുക്കണമെന്ന സുപ്രീംകോടതി വിധിയുടെ

അടിസ്ഥാനത്തിലാണ് ഭേദഗതി ബിൽ കൊണ്ടുവന്നത്. സുപ്രീംകോടതി വിധിന്യായ പ്രകാരം 1995-ലെ ഭേദഗതി ആക്ടിലെ 6-ാം വകുപ്പ് റദ്ദുചെയ്യുകയും പത്ത് കശുവണ്ടി ഫാക്ടറികളും വിധിന്യായത്തിന്റെ തീയതി മുതൽ എട്ട് ആഴ്ചയ്ക്കകം ഉടമകൾക്ക് വിട്ടുനൽകാൻ ഉത്തരവാകുകയും ചെയ്തു. പ്രസ്തുത വിധി മറികടക്കാനും കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനും ഈ വ്യവസായത്തെ നിലനിർത്താനുമാണ് ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. വർക്കല കഹാർ</u>: 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കശുവണ്ടി മേഖലയിലെ തൊഴിലില്ലായ്മ തടയുന്നതിനും തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിനും ന്യായമായ സേവന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനുമായി പൊതുജനതാല്പര്യാർത്ഥം ഏതാനും ഫാക്ടറികൾ വിലയ്ക്കെടുക്കുന്നതിന് 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ട് പ്രകാരം ഏറ്റെടുത്ത നടപടിയെ യഥാർത്ഥ ഉടമകൾ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. ആക്ടിന്റെ സാധുതയെ സുപ്രീം കോടതി അംഗീകരിച്ചുവെങ്കിലും പ്രസ്തുത ആക്ടിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച ചില വിജ്ഞാപനങ്ങൾക്ക് നിയമസാധുതയില്ലെന്ന് കോടതി പ്രഖ്യാപിക്കുകയും ഹൈക്കോടതിയിൽ

നിലനിന്നിരുന്ന ചില കേസുകളിൽ തീർപ്പുകൽപ്പിക്കുകയും ഫാക്ടറികൾ യഥാർത്ഥ ഉടമകൾക്ക് കൈമാറുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിലെ 6-ാം വകുപ്പ് റദ്ദുചെയ്യുകയും പ്രസ്തുത ഭേദഗതി ആക്റ്റ് പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ള പത്ത് കശുവണ്ടി ഫാക്ടറികളും അതിനോടനുബന്ധിച്ചുള്ള ഭൂമിയും വിധിന്യായത്തിന്റെ തീയതി മുതൽ എട്ടാഴ്ചയ്ക്കകം ഉടമകൾക്ക് വിട്ടുനൽകുകയും ചെയ്തു. കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഉടമസ്ഥർക്ക് കശുവണ്ടി ഫാക്ടറികൾ വിട്ടുകൊടുത്താൽ ഉടമകൾ ദീർഘകാലമായി കശുവണ്ടി വ്യവസായത്തിൽനിന്ന് വിട്ടുനിൽക്കുന്നതിനാലും ആഗോള വിപണിയിൽ അസംസ്കൃത കശുവണ്ടിയുടെ ദൗർലഭ്യവും കാരണം ഈ വ്യവസായം ആരംഭിക്കുവാൻ സാധിക്കാതെ വരികയും തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്യും. ആയതിനാൽ വിജ്ഞാപന തീയതി മുതൽ ചില ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് ഒരു പുതിയ നിയമനിർമ്മാണം അത്യാവശ്യമാണ്. അർഹമായ ശമ്പളവും ആനുകൂല്യങ്ങളും നൽകാമെന്ന ഉടമകളുടെ ഉറപ്പുകൾ പാലിക്കാത്ത സാഹചര്യത്തിലാണ് കശുവണ്ടി ഫാക്ടറികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ആക്റ്റ് പാസ്സാക്കുകയും കമ്പനികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുള്ളത്. വർഷങ്ങളോളം പണിയെടുത്തശേഷം ഫാക്ടറി വിട്ടുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ല.

ഫാക്ടറി ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുള്ള 34 ഫാക്ടറികളും സർക്കാർ നിയന്ത്രണത്തിലാക്കി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവരുടെ ആനുകൂല്യങ്ങൾ നൽകാനും ഈ ഭേദഗതി ബില്ലിലൂടെ കഴിയണം.

ശ്രീ. പി. കെ. ഗുരുദാസൻ: 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാപ്പെക്സിനുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള പത്ത് കശുവണ്ടി ഫാക്ടറികളും സ്വകാര്യ മുതലാളിമാർക്ക് വിട്ടുനൽകാൻ സുപ്രീംകോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 1967-69 കാലഘട്ടത്തിൽ രൂപീകൃതമായ കശുവണ്ടി വികസന കോർപ്പറേഷൻ 10 ഫാക്ടറികൾ വിലയ്ക്കെടുക്കുകയും 24 എണ്ണം ലീസിലും റിക്വിസിഷൻ ആക്ട് അനുസരിച്ചും ഏറ്റെടുക്കുകയുണ്ടായി. സ്വകാര്യ ഫാക്ടറി ഉടമകൾ തൊഴിലാളികളെ ചൂഷണം ചെയ്തുവന്ന സാഹചര്യത്തിലാണ് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ രൂപീകരിക്കുകയും പൊതുമേഖലയിൽ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ നിയമങ്ങൾ പാസ്സാക്കുകയും ചെയ്തിട്ടുള്ളത്. കാപ്പെക്സിന്റെ ഫാക്ടറികൾ തിരിച്ചുകൊടുക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1995-ൽ ഒരു അമെന്റ്മെന്റ് ആക്ട് കൊണ്ടുവരികയും സുപ്രീംകോടതിയിൽ അപ്പീൽ നൽകുകയും ചെയ്തതിന്റെ ഫലമായി

ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഗവൺമെന്റിന് അനുമതി ലഭിച്ചു. ആ ഫാക്ടറികളാണ് 2015 ഫെബ്രുവരി 4-ാം തീയതി സുപ്രീംകോടതി വിധിയനുസരിച്ച് സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കാൻ തീരുമാനമായിട്ടുള്ളത്. വർഷങ്ങളോളം ഗവൺമെന്റ് അധീനതയിലുണ്ടായിരുന്ന 10 ഫാക്ടറികൾ ഈ ഗവൺമെന്റ് സ്വീകരിച്ച തെറ്റായ സമീപനത്തിന്റെ ഫലമായിട്ടാണ് വിട്ടുകൊടുക്കേണ്ടി വന്നത്. വസ്തുതകൾ വേണ്ടവിധത്തിൽ കോടതിയിൽ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. നഷ്ടപരിഹാരം കൈപ്പറ്റിയവരുടെ ഫാക്ടറികളും വിട്ടുകൊടുക്കാൻ നിർബന്ധിക്കപ്പെടുന്ന വകുപ്പുകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊസഷനിലിരിക്കുന്ന ഫാക്ടറികൾ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി കാഷ്യൂ കോർപ്പറേഷനേയും കാപ്പക്സിനെയും സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ടി നിയമത്തിലൂടെ പത്ത് ഫാക്ടറികളും പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് ഇന്നുണ്ടായിട്ടുള്ള നിയമപ്രശ്നം പരിഹരിക്കാനാണ് ശ്രമിക്കുന്നത്. നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ നികത്തിക്കൊണ്ട് കാഷ്യൂ

ഡെവലപ്മെന്റ് കോർപ്പറേഷനിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാഷ്യു ഫാക്ടറികൾക്ക് കോമ്പൻസേഷൻ നൽകുന്നതിനാവശ്യമായ പണം അനുവദിക്കുന്നതാണ്. ടി ബില്ലിന്മേൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന വേളയിൽ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബാർ കോഴക്കേസിൽ ശ്രീ. കെ.എം. മാണിയും, ശ്രീ. കെ. ബാബുവും കോഴ വാങ്ങിയെന്ന ബാർ ഉടമ അസോസിയേഷന്റെ കേസ് മന്ത്രിസഭാംഗങ്ങളും വിജിലൻസ് ഡിപ്പാർട്ടുമെന്റും

ചേർന്ന് ഒതുക്കുകയും സോളാർ കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കെതിരെ നോട്ടീസ് വന്നിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അവർ അധികാരത്തിൽ തുടരാൻ പാടില്ല. അതിനാൽ ഞങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധിക്കാനാണ് ഉദ്ദേശിക്കുന്നത്.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## 2015-ലെ കേരള ധനകാര്യ ബില്ലും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിനും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച

VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: 2015-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക്: 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: ബില്ലുകളെ പിന്താങ്ങുന്നു. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ-സാമൂഹ്യക്ഷേമ വികസനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിലുള്ള ആസൂത്രണ പ്രക്രിയയിലൂടെ ജനങ്ങൾക്ക് ഉപകാരപ്രദമായ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. ചികിത്സാ സഹായവും എം.എൽ.എ.മാർക്ക് ആസ്തി വികസന ഫണ്ടും മറ്റ് സഹായങ്ങളും നൽകുന്നതിൽ

ഗവൺമെന്റ് ഉദാരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: ബില്ലിനെ പിന്താങ്ങുന്നു. അഖിലേന്ത്യാ വളർച്ചാനിരക്കിൽ കേരളത്തെ മുന്നിലെത്തിക്കാൻ കഴിയുന്ന തരത്തിലുള്ള ധനകാര്യ മാനേജ്മെന്റുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2015-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിനും 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുമുള്ള പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(സഭ ഉച്ചയ്ക്കുശേഷം 12.48-ന് പിരിഞ്ഞു.)

**********